**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 702** **06-12-2022 - ൽ മറുപടിയ്ക്ക്**

**പെരുമൺ കയർ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം മണ്ഡലത്തിൽ പനയം പഞ്ചായത്തിൽ പെരുമണിൽ എൻ.സി.ആർ.എം.ഐ.യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച കയർ പാർക്കിന്റെ പ്രവർത്തനം അവസാനിപ്പിച്ചതിനാൽ പ്രസ്തുത ഭൂമിയും ആസ്തി വകകളും കയർ മേഖലയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസായ സംരംഭങ്ങൾക്കോ ഉപയോഗപ്രദമാകുന്ന നിലയിൽ വിനിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ; | (എ) | കൊല്ലം പെരുമണിൽ എൻ.സി.ആർ.എം.ഐ-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കയർ പാർക്കിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. കയർ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുവാൻ വേണ്ടി സ്ഥാപിച്ച ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് കയർ പാർക്ക്. കയർപിരി പരിശീലനം, മാറ്റ് നിർമ്മാണം, കയർ ഭൂവസ്ത്ര നിർമ്മാണം എന്നീ പരിശീലന പരിപാടികൾ ഇവിടെ സംഘടിപ്പിച്ചു വരുന്നു. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് (കെ.എസ.ആർ.എൽ)-നു വേണ്ടി ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട 95 ലാൻഡ് അക്വിസിഷൻ റെഫറൻസ് കേസുകൾ പ്രകാരമുള്ള വിധി തുക നൽകുന്നതിനായി കൊല്ലം ജില്ലാ കളക്ടറേറ്റിൽ നിന്നും, കൊല്ലം സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്നും നോട്ടീസുകൾ എൻ.സി.ആർ.എം.ഐ-യ്ക്ക് നിരന്തരം ലഭിക്കുന്ന സാഹചര്യത്തിൽ, തങ്ങൾ ഒരു നോൺ പ്രോഫിറ്റ് ഓറിയൻറഡ് റിസർച്ച് സ്ഥാപനമായതിനാൽ ഭീമമായ നഷ്ടപരിഹാര തുക നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ പെരുമണിലെ കയർ പാർക്ക് സർക്കാർ തിരിച്ചെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻ.സി.ആർ.എം.ഐ സമർപ്പിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊല്ലം പെരുമണിൽ എൻ.സി.ആർ.എം.ഐ-യുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കയർ പാർക്കിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടില്ല. കയർ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുവാൻ വേണ്ടി സ്ഥാപിച്ച ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് കയർ പാർക്ക്. കയർപിരി പരിശീലനം, മാറ്റ് നിർമ്മാണം, കയർ ഭൂവസ്ത്ര നിർമ്മാണം എന്നീ പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടികൾ ഇവിടെ സംഘടിപ്പിച്ചു വരുന്നു. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ് ലിമിറ്റഡ് (കെ.എസ.ആർ.എൽ)-നു വേണ്ടി ഏറ്റെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട 95 ലാൻഡ് അക്വിസിഷൻ റെഫറൻസ് കേസുകൾ പ്രകാരമുള്ള വിധി തുക നൽകുന്നതിനായി കൊല്ലം ജില്ലാ കളക്ടറേറ്റിൽ നിന്നും, കൊല്ലം സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽ നിന്നും നോട്ടീസുകൾ എൻ.സി.ആർ.എം.ഐ-യ്ക്ക് നിരന്തരം ലഭിക്കുന്ന സാഹചര്യത്തിൽ, തങ്ങൾ ഒരു നോൺ പ്രോഫിറ്റ് ഓറിയൻറഡ് റിസർച്ച് സ്ഥാപനമായതിനാൽ ഭീമമായ നഷ്ടപരിഹാര തുക നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ പെരുമണിലെ കയർ പാർക്ക് സർക്കാർ തിരിച്ചെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൻ.സി.ആർ.എം.ഐ സമർപ്പിച്ച പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ